പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *24

26/09/2011 ൽ മറുപടിക്ക്

## അവശ്യ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. പി.എ.മാധവൻ | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കിലോക്ക് ഒരു രൂപയ്ക്ക് 25 കിലോ അരി വീതം നൽകുന്ന പദ്ധതി ഏകദേശം എത്ര കാർഡ് ഉടമകൾക്ക് നൽകുന്നുണ്ടെന്ന് അറിയിക്കാമോ ; | (എ) 20.57 ലക്ഷം കാർഡുടമകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി വിതരണം നടത്തിവരുന്നു. 14.61 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് 25 കിലോ അരിയും 5.96 ലക്ഷം എ.എ.വൈ. കുടുംബങ്ങൾക്ക് 35 കിലോ അരിയും നല്കി വരുന്നു. |
| (ബി) പദ്ധതി തടസ്സം കൂടാതെ നടപ്പിലാക്കാൻ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ബി) പദ്ധതി തടസ്സം കൂടാതെ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ, റേഷൻകടകളിൽ എത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സബ്സിഡി ഇനത്തിൽ ചെലവഴിക്കേണ്ട തുക മുൻകൂറായി എഫ്.സി.ഐ ഡിപ്പോകളിൽ ഒടുക്കിയിട്ടുണ്ട്. സബ്സിഡി അരി യഥാസമയം ലഭ്യമാക്കാൻ ഏതെങ്കിലും സാഹചര്യത്തിൽ കഴിഞ്ഞില്ലെങ്കിൽ സ്റ്റോക്കുള്ള മറ്റു വിഭാഗങ്ങളിൽ നിന്ന് വകമാറ്റി നല്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. |

(സി) കഴിഞ്ഞ ഓണം-റംസാൻ കാലയളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള വിറ്റുവരവ് എത്രയെന്ന് അറിയിക്കാമോ ;

(സി) കഴിഞ്ഞ ഓണം-റംസാൻ കാലയളവിൽ (2011 ആഗസ്റ്റ് 1 മുതൽ സെപ്തംബർ 8 വരെ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മൊത്തം വിറ്റുവരവ് ഏകദ്ദേശം 350 കോടി രൂപയാണ്.

(ഡി) അരി ഉൾപ്പെടെയുള്ള പലവ്യഞ്ജനങ്ങൾ മുൻ വർഷത്തേക്കാൾ വില കുറച്ച് നൽകുവാൻ സാധിച്ചിട്ടുണ്ടോ ;

(ഡി) പഞ്ചസാര,സോർട്ടക്സ് ഇനത്തിലുള്ള അരി (പച്ചരി,ബോധന,മട്ട) എന്നിവ സബ്സിഡി നൽകി യഥാക്രമം 25 രൂപ, 16 രൂപ നിരക്കിലാണ് ഈ ഓണത്തിന് വിതരണം നടത്തിയത്. ഈ വില ഇപ്പോഴും തുടരുന്നുണ്ട്. കഴിഞ്ഞ വർഷം പഞ്ചസാര 27.40 രൂപയ്ക്കും സോർട്ടക്സ് ഇനത്തിലുള്ള പച്ചരി 20.90 രൂപയ്ക്കും ബോധന അരി 21.50 രൂപയ്ക്കും മട്ടയരി 22.80 രൂപയ്ക്കുമായിരുന്നു വിതരണം നടത്തിയിരുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം നടത്തുന്ന മറ്റ് പലവ്യഞ്ജനങ്ങളുടെ വില വർദ്ധിപ്പിക്കാതെ തന്നെയാണ് വിതരണം നടത്തിയിരുന്നത്.

(ഇ) കേന്ദ്ര സർക്കാരിന്റെകൂടി സഹായത്തോടെ അവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ ;

(ഇ) 13 ഇനം അവശ്യസാധനങ്ങൾ റേഷൻ കടകളിലൂടെ വില്ക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഏകദേശം 354 കോടി രൂപ ഈ പദ്ധതിക്ക് ചെലവു പ്രതീക്ഷിക്കുന്നു. ചെലവിന്റെ 75% സംസ്ഥാനസർക്കാരും 25% കേന്ദ്രസർക്കാരും വഹിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. സപ്ലൈകോ മുഖാന്തിരം അവശ്യവസ്തുക്കൾ വാങ്ങി പായ്ക്കറ്റുകളിലാക്കി റേഷൻ കടകളിലൂടെ വില്ക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.